100 (244) ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർമാർ

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് തുടങ്ങിയവയിൽ 1.1.1998-നും 31.5.1999-നും ഇടയ്ക്കു എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർമാർ പെൻഷനായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദ മാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ ഒഴിവുകൾ മുഴുവൻ പി.എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ഭൂരിപക്ഷവും പുതിയ അപേക്ഷ സമർപ്പിക്കുവാൻ പ്രായപരിധി കഴിഞ്ഞവരാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിലവിലുള്ള ഒഴിവുകൾ മുഴുവൻ എത്രയും വേഗം പി.എസ്. സി.യ്ക്കു റിപ്പോർട്ട് ചെയ്ത് നിയമനം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മുതൽ (എഫ്) വരെ വിവരം ശേഖരിച്ചു വരുന്നു.

101 (245) ഹൗസിംഗ് ബോർഡ് മെമ്പർമാരുടെ വിദേശയാത്ര

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ഹൗസിംഗ് ബോർഡ് ചെയർമാനും അംഗങ്ങളും ചാർജ്ജ് എടുത്തതിനുശേഷം, കേരളത്തിന് വെളിയിലോ, ഇൻഡ്യയ്ക്കു വെളിയിലോ യാത്ര ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യാത്രയുടെ വിശദവിവരം വെളിപ്പെടുത്തുമോ; ഇതിന് ഉണ്ടായ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

102 (246) തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിന് സ്വന്തമായി കെട്ടിടം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാസർഗോഡ് ജില്ലയിൽപ്പെട്ട എളരിത്തട്ട് ഗവൺമെന്റ് കോളേജിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചുവെങ്കിലും ഇതുവരെയായി പ്രത്യേകാനുമതി ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രത്യേകാനുമതി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പ്രത്യേകാനുമതി ഇതുവരെയും നൽകുവാൻ സാധിച്ചിട്ടില്ല.

103 (247) കലുങ്കും ഓടയും കെട്ടുന്നതിനുള്ള നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ മൂളക്കുഴ പഞ്ചായത്തിലെ കാരക്കാട് എസ്.എച്ച്.വി. ഹൈസ്കൂളിന് മുൻവശത്ത് എം.സി.റോഡിൽ കലുങ്കും ഓടയും കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) വളരെയേറെ വിദ്യാർത്ഥികളും മറ്റുള്ളവരും സഞ്ചരിക്കുന്ന പ്രസ്തുത റോഡിൽ വെള്ളം കെട്ടി നിന്ന് ആളുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് അടിയന്തിരമായി പരിഹരിക്കുന്നതിന് കലുങ്കും ഓടയും കെട്ടുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

104 (248) മൈത്രീ ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീഭവന നിർമ്മാണ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് 1998-99 കാലയളവിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ എന്തു തുക വിതരണം ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly